പ്ലസ്ടു കോഴ്സുകളും വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളും ഉള്ള സ്കൂളുകളുടെ ലിസ്റ്റ്

36 (3677) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു കോഴ്സുകളും വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളും ഉള്ള സ്കൂളുകളുടെ ലിസ്റ്റ് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പ്ലസ്ടു കോഴ്സുകളും വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളും ഉള്ള സ്കൂളുകളുടെ വിവരം ശേഖരിച്ചു വരുന്നു.

സൈനിക സ്കൂളിലെ ഫീസ് വർദ്ധന

37 (T 3678) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം സൈനിക സ്കൂളിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നും സൈനിക സ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ;

(ബി) സൈനിക സ്കൂൾ വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും പ്രതിരോധ മന്ത്രാലയമോ, മനുഷ്യ വിഭവശേഷി വികസന മന്ത്രാലയമോ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്. രാജ്യത്തെ മൊത്തം 18 സൈനിക സ്കൂളിലും പൊതുവായാണ് ഫീസ് വർദ്ധന നടപ്പാക്കിയിട്ടുള്ളത്. സ്റ്റാഫിന്റെ ശമ്പള വർദ്ധനവിന്റെ ഫലമായുള്ള സ്കൂളിന്റെ വർദ്ധിച്ച ചെലവിന് ആനുപാതികമായാണ് വർദ്ധനവ്. സംസ്ഥാന ഗവൺമെന്റിന് മാത്രമായി ഇതിൽ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല.

(ബി) നിലവിലുള്ള ഭരണ സംവിധാനത്തിൽ മാറ്റമൊന്നും ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നില്ല.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly